**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3352 — 19.06.2019-ൽ മറുപടിക്ക്

**വിളപ്പിൽ ശാലയിൽ പോളിടെക്നിക്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഐ.ബി. സതീഷ് | | **ഡോ. കെ. ടി. ജലീൽ** (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാലയിൽ പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ; | (എ) & (ബി) | കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ ശാലയിൽ അനുവദിക്കപ്പെട്ട സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സ്പെഷ്യൽ ഓഫീസറെയും ഒരു സീനിയർ ക്ലാർക്കിനെയും ഇതിനോടകം നിയമിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുന്നതിനായി സെൻട്രൽ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക വേണ്ടി ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. പോളി ടെക്നിക്കിന് വേണ്ട സ്ഥലം ഇതിനോടകം കണ്ടെത്തുകയും പ്രസ്തുത സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ചും റിപ്പോർട്ടും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>സ്ഥലം കൈമാറ്റം പൂർത്തിയായി എ.ഐ.സി.ടി.ഇ മാനദണ്ഡ പ്രകാരമുള്ള കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളുടെ വികസനവും ഉണ്ടായാൽ മാത്രമേ ക്ലാസുകൾ ആരംഭിക്കാൻ കഴിയൂ. 2020-21 അക്കാദമിക വർഷം ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു. |
| (ബി) | ആയതിന്റെ തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.